# 7

# "എന്റെ ഓർമ്മക്കായി"

സുവിശേഷ സന്ദേശത്തിന്റെ കാതൽ ക്രിസ്തുവിന്റെ മരണം, അടക്കം, ഉയിർത്തെഴുന്നേൽപ്പ് (1 കൊരിന്ത്യർ 15:3, 4), ആണെങ്കിൽ, കർത്തൃമേശ തീർച്ചയായും ആരാധനയുടെ മുഖ്യഭാഗമായിരിക്കും. ക്രൂശിന്റെ വിജയം ആഘോഷിക്കുവാനായി ക്രിസ്ത്യാനികളോട് വീണ്ടും വീണ്ടും പരസ്പരം പങ്കിടുവാൻ പറഞ്ഞിരിക്കുന്നതാണ് കർത്തൃമേശ. ക്രിസ്തീയാരാധനയിലെ കർത്തൃമേശയുടെ മുഖ്യഭാഗം പഴയനിയമ പരിശീലനത്തെ സൂചിപ്പിക്കുന്നതാണ്.

താൻ പുറപ്പെട്ടുപോകുന്നതിനു മുൻപ് മൂന്നു വർഷത്തോളം അവൻ തന്റെ ശിഷ്യന്മാരെ അതിനായി തയ്യാറാക്കി. താൻ മഹാപുരോഹിതന്മാരുടെയും ശാസ്ത്രിമാരുടേയും കൈകളിൽ ഏൽപിക്കപ്പെടുകയും അവർ തന്നെ കൊല്ലുകയും മൂന്നാം നാൾ ഉയർത്തെഴുന്നേൽക്കുകയും ചെയ്യുമെന്ന് ചുരുങ്ങിയത് മൂന്നു പ്രാവശ്യം അവരോട് പറഞ്ഞിരുന്നു (മത്തായി 16:21; 17:22, 23; 20:18, 19). അവസാനമായി ഒരിക്കൽ അവൻ അവരുമായി ഭക്ഷണം കഴിച്ചു. വാർഷിക പെസഹ ആഘോഷമായിരുന്നു സന്ദർഭം. അവരുടെ പൂർവ്വപിതാക്കന്മാരെ മിസ്രയിം അടിമത്വത്തിൽനിന്നു കൊണ്ടുവന്നതുമുതൽ എബ്രായർ ആഘോഷിച്ചുവരുന്നതായിരുന്നു അത്. അവരെ വിടുവിച്ചുകൊണ്ടുവരുന്നതിനു തലേദിവസം ഒരാടിനെ കൊന്നു രക്തം എടുത്തു യിസ്രായേൽ മക്കളുടെ കട്ടിളപ്പടിമേൽ പുരട്ടുവാൻ ദൈവം കൽപിച്ചിരുന്നു. അത് വിടുതൽ രക്തമായിരുന്നു. മിസ്രയിമ്യരുടെ ആദ്യജാതന്മാരെ എടുക്കുവാനായി ദൈവം ദേശത്തുകൂടെ കടന്നു ചെന്നപ്പോൾ – അത് ഫറവോന്റെ മേലും ആ ജനത്തിന്റെ മേലുമുള്ള അവസാനത്തെ ബാധയായിരുന്നു – വാതിൽക്കൽ രക്തം കണ്ടവരെ അത് ബാധിച്ചില്ല. അന്നുമുതൽ ആ വിടുതൽ ഓർമ്മിക്കുവാനായി ഓരോ വർഷവും പെസഹ ആചരിക്കുവാൻ ദൈവം കൽപിച്ചിരുന്നു (പുറപ്പാട് 12:1–13:10).

കുഞ്ഞാടിനെ അറുത്ത് യാഗമർപ്പിക്കുന്നതും, അതിന്റെ മാംസം പാചകം ചെയ്തു പുളിപ്പില്ലാത്ത അപ്പവും, കൈപ്പ് ചീരയും, വീഞ്ഞും കഴിക്കണമായിരുന്നു. അവർ മിസ്രയിം വിട്ട വേഗതയെ സുചിപ്പിക്കുന്നതായിരുന്നു പുളിപ്പില്ലാത്ത അപ്പം, അപ്പം പുളിപ്പിക്കുവാൻ അവർക്ക് സമയം കിട്ടിയിരുന്നില്ല. കൈപ്പ് ചീര അടിമത്വത്തിന്റെ കൈപ്പാണ് സൂചിപ്പിച്ചിരുന്നത്. യേശു ആ ഓർമ്മപ്പെരുന്നാളിൽ ശിഷ്യന്മാരുമായി പങ്കെടുത്തുകൊണ്ട്, പെസഹാ പെരുന്നാളിലെ രണ്ട് വസ്തുക്കൾ എടുത്ത് അതിനു പുതിയ അർത്ഥം കൊടുക്കുകയുണ്ടായി, ഏന്നാൽ ശിഷ്യന്മാർക്ക് അത് അപ്പോൾ മനസിലായില്ല, പിന്നീട് മനസിലായി.

> അവർ ഭക്ഷിക്കുമ്പോൾ യേശു അപ്പം എടുത്ത് വാഴ്ത്തി നുറുക്കി ശിഷ്യന്മാർക്ക് കൊടുത്തു. വാങ്ങി ഭക്ഷിപ്പിൻ, ഇത് എന്റെ ശരീരം എന്നു പറഞ്ഞു. പിന്നെ പാനപാത്രം എടുത്തു സ്തോത്രം ചൊല്ലി അവർക്ക് കൊടുത്തു എല്ലാവരും ഇതിൽനിന്നു കുടിപ്പിൻ. ഇത് അനേകർക്ക് വേണ്ടി പാപമോചനത്തിനായി ചൊരിയുന്ന പുതിയനിയമത്തിനുള്ള എന്റെ

രക്തം (മത്തായി 26:26-28).

മശിഹാ വിടുതലിന്റെ യാഗ കുഞ്ഞാടായി യേശു മാറി. പാപത്തിന്റെയും മരണത്തിന്റെയും അടിമത്വത്തിൽനിന്നും പാപക്കടങ്ങളിൽനിന്നും നമ്മെ വിടുവിക്കുവാൻ യേശു തന്റെ ശരീരവും രക്തവും നൽകി. തന്റെ യാഗത്തെ പ്രതിനിധീകരിക്കുന്നതിന് നിസാരമൂലകങ്ങൾ അവൻ ശരിയായി ഉപയോഗിച്ചിരിക്കുന്നു. തങ്ങളുടെ പൂർവ്വപിതാക്കന്മാരെ അടിമത്വത്തിൽനിന്നു വിടുവിച്ചതിന്റെ ഓർമ്മ പുതുക്കുവാനായി യഹൂദന്മാർ അതു നിരന്തരമായി ചെയ്തുവന്നു. പാപത്തിൽനിന്നു കർത്താവ് തങ്ങളെ വിടുവിച്ചതിന്റെ ഓർമ്മക്കായി ക്രിസ്ത്യാനികൾ ആഴ്ച്ചവട്ടത്തിന്റെ ഒന്നാം നാളിൽ അപ്പം നുറുക്കൽ തുടരുന്നു.

## രാജാവിനു വേണ്ടിയുള്ള പെരുന്നാൾ

ശിഷ്യന്മാർ ഒരുമിച്ചുകൂടി ആഘോഷിക്കുന്നത് യേശുവിന്റെ മരണത്താൽ അവസാനിച്ചില്ല, പക്ഷെ രാജാവിന്റെ വിരുന്ന് - ആഘോഷിക്കുന്നതു തുടങ്ങുകയാണ്. അവൻ പിന്നീട് പറഞ്ഞത് മനസിലാക്കുവാൻ ഒരുപക്ഷെ അവർക്ക് പ്രയാസം നേരിട്ടിരിക്കാം. "എന്റെ പിതാവിന്റെ രാജ്യത്തിൽ നിങ്ങളോടുകൂടെ പുതുതായി കുടിക്കുംനാൾ വരെ ഞാൻ മുന്തിരിവള്ളിയുടെ ഈ അനുഭവത്തിൽനിന്ന് ഇനി കുടിക്കുകയില്ല എന്നു ഞാൻ നിങ്ങളോട് പറയുന്നു" (മത്തായി 26:29). അല്ലെങ്കിൽ ലൂക്കൊസ് പറഞ്ഞതുപോലെ, "ദൈവരാജ്യം വരുവോളം ഇനി ഞാൻ മുന്തിരിവള്ളിയുടെ അനുഭവം കുടിക്കുകയില്ല" (ലൂക്കൊസ് 22:18). അവൻ വീണ്ടും അവരോടൊപ്പം പെസഹ ആഘോഷിക്കുകയില്ല. എങ്ങനെയായാലും, രാജ്യം വന്നപ്പോൾ, അവൻ അവരോടൊപ്പം പുതിയ വിരുന്നിൽ പങ്കെടുത്തു. അവരുടെ ആയുഷ്ക്കാലത്തു തന്നെ രാജ്യം വരുമെന്ന് അവൻ വാഗ്ദാനം ചെയ്തിരുന്നു (മർക്കൊസ് 9:1). ദൈവരാജ്യത്തിന്റെ താക്കോൽ പത്രൊസിനു നൽകുമെന്ന് വാഗ്ദാനം ചെയ്തിരുന്നു, അവൻ രാജ്യത്തെ സഭ എന്നും വിളിച്ചിരുന്നു (മത്തായി 16:18, 19). യേശു ഉയർത്തെഴുന്നേറ്റ ശേഷം വന്ന ആദ്യത്തെ പെന്തെകൊസ്തു നാളിൽ പത്രൊസ് ആ താക്കോൽ ഉപയോഗിച്ചു. ആദ്യമായി അവൻ സുവിശേഷ പ്രസംഗം നടത്തുകയും, ആളുകൾ ആദ്യമായി ക്രിസ്ത്യാനിത്വത്തിലേക്ക് പരിവർത്തനം ചെയ്യുകയും ചെയ്തു (പ്രവൃത്തികൾ 2:14-40). ആ പരിവർത്തനം ചെയ്തവരെല്ലാം പാപമോചനത്തിനായി യേശുവിന്റെ നാമത്തിൽ സ്നാനം ഏറ്റിരുന്നു (പ്രവൃത്തികൾ 2:38) സഭയോട് ചേർക്കപ്പെടുകയും ചെയ്തു (പ്രവൃത്തികൾ 2:47; കെജെവി). ഭൂമിയിലെ രാജ്യമായിരുന്നു സഭ. രണ്ടോ മൂന്നോ പേർ തന്റെ നാമത്തിൽ കൂടിവരുന്നേടത്തൊക്കെയും താൻ ഉണ്ടാകുമെന്ന് യേശു വാഗ്ദാനം ചെയ്തിരുന്നു (മത്തായി 18:20). "എന്റെ പിതാവിന്റെ രാജ്യത്തിൽ ഞാൻ നിങ്ങളോടുകൂടെ കൂടിക്കും നാൾ വരെ" എന്ന് യേശു പറഞ്ഞപ്പോൾ അവർ അവന്റെ ഉയർത്തെഴുന്നേൽപിനു ശേഷം കർത്തൃമേശയിൽനിന്നു പങ്കിടുമ്പോൾ അവൻ അവരുടെ മദ്ധ്യേ ഉണ്ടാകുമെന്നാണ് പറഞ്ഞത്. അവർ അവന്റെ രാജ്യം, അഥവാ അവന്റെ പിതാവിന്റെ രാജ്യമായി തീരുന്നു.

മശിഹാ രാജാവിനും അവന്റെ പ്രജകൾക്കും യോജിച്ചതാണ് കർത്തൃമേശ എന്ന വിരുന്ന്. ആ വിരുന്ന് പ്രജകൾക്ക് അന്യോന്യം രാജാവിനോടൊപ്പം ഒന്നായി തീരുവാൻ സഹായിക്കുന്നു. ആ വിരുന്നിൽ നാം മേശക്കു ചുറ്റും

ആയിരിക്കുമ്പോൾ "ക്രിസ്തുവിന്റെ ശരീരത്തിൽനിന്നും" "ക്രിസ്തുവിന്റെ രക്തത്തിൽനിന്നും" പങ്കിടുകയാണ് (1 കൊരിന്ത്യർ 10:16). നാം വായിക്കുന്നു, "അപ്പം ഒന്നാകകൊണ്ട് പലരായ നാം ഒരു ശരീരമാകുന്നു; നാം എല്ലാം ആ ഒരേ അപ്പത്തിൽ അംശികൾ ആകുന്നുവല്ലൊ" (1 കൊരിന്ത്യർ 10:17). അവന്റെ സന്നിധിയിൽ അവന്റെ വിരുന്നിൽനിന്നു പങ്കെടുക്കുവാൻ രാജാവിന്റെ യാഗ രക്തത്താൽ വീണ്ടെടുക്കപ്പെട്ടവർക്ക് മാത്രമെ യോഗ്യതയുള്ളു. ഏക ഉദ്ദേശം വെച്ചുകൊണ്ടാണ് അവരെ ഈ വിരുന്നിലേക്ക് ക്ഷണിച്ചിരിക്കുന്നത് - അത് പാപത്തിന്മേൽ വിജയം കൊണ്ടുവന്നതിനെ ഓർക്കുവാനായി അന്യോന്യവും ക്രിസ്തുവുമായും അതിൽനിന്നു പങ്കിടുവാനാണ്.

## കർത്തൃദിവസത്തെ അത്താഴം

അവരുടെ ആരംഭമായി, ക്രിസ്ത്യാനികൾ ആഴ്ച്ചവട്ടത്തിന്റെ ഒന്നാം നാളിൽ അപ്പം നുറുക്കുവാൻ കൂടിവന്നു (പ്രവൃത്തികൾ 2:42; 20:7). കർത്തൃമേശ എടുക്കുന്നതിനെ പലപ്പോഴും "അപ്പം നുറുക്കൽ" എന്നാണ് വിളിച്ചിരിക്കുന്നത്."നാം നുറുക്കുന്ന അപ്പം" എന്നു പൗലൊസ് 1 കൊരിന്ത്യർ 10:16-ൽ പറഞ്ഞപ്പോൾ, അർത്ഥമാക്കിയത് കർത്തൃമേശയുടെ ഒരു ഭാഗത്തെയാണ്. കൊരിന്ത്യ സഭയിൽ കർത്തൃമേശ ദുരുപയോഗം ചെയ്യപ്പെട്ടപ്പോൾ, അവർ കൂടിവരുന്നതിന്റെ ഉദ്ദേശം കർത്തൃമേശ ആചരിക്കുന്നതിനാണെന്ന് അവരെ ഓർപ്പിക്കുകയായിരുന്നു (1 കൊരിന്ത്യർ 11:20). അവർ അങ്ങനെയായിരുന്നില്ല ചെയ്തിരുന്നത്, പക്ഷെ അവർ അങ്ങനെയായിരുന്നു ചെയ്യേണ്ടിയിരുന്നത്. "ആദ്യ സഭയുടെ പരിശീലനം അതായിരുന്നു എന്ന് ചരിത്രം വ്യക്തമാക്കുന്നു. തിരുവെഴുത്തിലോ, ആദ്യസഭയിലോ അവർ ആഴ്ച്ചവട്ടത്തിന്റെ ഒന്നാം നാളിൽ കൂടിവന്നിരുന്നത് കർത്തൃമേശയിൽ നിന്നെടുക്കുവാനല്ല എന്നതിന് ഒരു തെളിവുമില്ല."[1]

"ഭൗതികമായ സൃഷ്ടിത്വത്തെ ഓർമ്മിക്കുവാനായിരുന്നു യെഹൂദന്മാർ ഏഴാം ദിവസം ആചരിച്ചിരുന്നത്" എന്ന് ഡേവിഡ് റോപ്പർ നിരീക്ഷിക്കുകയുണ്ടായി (പുറപ്പാട് 20:8-11). ക്രിസ്തുവിന്റെ മരണം, അടക്കം, ഉയിർപ്പ് എന്നിവ ഓർക്കുവാനാണ് ക്രിസ്ത്യാനികൾ ആഴ്ച്ചവട്ടത്തിന്റെ ഒന്നാം നാളിൽ കൂടിവരുന്നത് (1 കൊരിന്ത്യർ 11:23-25). അതാണ് "നമ്മുടെ പുതിയ സൃഷ്ടിത്വത്തിനിടയാക്കിയത് (ഗലാത്യർ 6:15; എംഫസിസ് മൈൻ)."[2]

## ഒരു ഓർമ്മ

ലൂക്കൊസിന്റെ സുവിശേഷ വിവരണത്തിൽ, യേശു തന്റെ ഓർമ്മ പെരുന്നാള് സ്ഥാപിച്ചപ്പോൾ, അവൻ തന്റെ ശിഷ്യന്മാരോട് പറഞ്ഞു, "എന്റെ ഓർമ്മക്കായി നിങ്ങൾ ഈവണ്ണം ചെയ്വിൻ" (ലൂക്കൊസ് 22:19). "വാസ്തവത്തിൽ അത് തന്നെ ഓർമ്മിക്കുവാനാണോ യേശു പറഞ്ഞത്?" എന്നു ചോദിക്കുന്നത് മോശമാകുമോ? ഇല്ല എന്നാണ് ഞാൻ വിചാരിക്കുന്നത്. നാം അവനെ ഓർമ്മിക്കുവാൻ അവൻ ആഗ്രഹിക്കുന്നു. ഓരോ ആഴ്ച്ചയിലും നാം മേശക്കു ചുറ്റും ആയിരിക്കുമ്പോൾ, "അവനെ ഓർമ്മിക്കുവാൻ അവൻ താൽപര്യപ്പെടുന്നുണ്ടോ?" ആത്മാർത്ഥതയുള്ള ഒരു ക്രിസ്ത്യാനി ക്രൂശിനെ കുറിച്ചു ചിന്തിക്കുമ്പോൾ, അവന്റെ ഉള്ളിൽ വികാരങ്ങളും ചിന്തകളും ധാരാളം നേരിടും. അവന്റെ അനുഭവത്തിൽ സങ്കടവും സന്തോഷവുമുണ്ടാകും.

യേശുവിന്റെ ക്രൂശിലെ യാഗത്തെ ഒരാൾ ഗൗരവത്തോടുകൂടി ഓർത്താൽ അയാളുടെ കണ്ണിൽനിന്നു കണ്ണുനീരൊഴുകും. ആ കണ്ണുനീർ സങ്കടത്തിന്റേതും സന്തോഷത്തിന്റേതുമാണ്. നമ്മുടെ വീണ്ടെടുപ്പിനുവേണ്ടി അത്തരം വില കൊടുക്കേണ്ടിവന്നതുകൊണ്ട്, ക്രിസ്ത്യാനികളായ നമുക്ക് തീർച്ചയായും സങ്കടമുണ്ടാകും; എങ്കിലും യേശു നമുക്ക് വേണ്ടി വില കൊടുത്തതിനാൽ നമുക്ക് സന്തോഷിക്കുവാനും വകയുണ്ട്. രണ്ട് വികാരങ്ങളും ശരിയായവയാണ്. "അവന്റെ വരവ് വരെ നാം അവന്റെ മരണത്തെ പ്രസ്താവിക്കുവാൻ" കൂടിവരുന്നത് ഉണങ്ങിയ കണ്ണുകളോടും മാറ്റമില്ലാത്ത വികാരത്തോടുംകൂടി വരുന്നതാണ് ശരിയല്ലാത്തത് (1 കൊരിന്ത്യർ 11:26).

അവൻ ക്രൂശിൽ നമുക്ക് വേണ്ടി ചെയ്തതു മാത്രമല്ല, മഹാപുരോഹിതനായും, രാജാവായും, മദ്ധ്യസ്ഥനായും ഇപ്പോൾ അവൻ ചെയ്തുകൊണ്ടിരിക്കുന്നതും നാം സ്മരിക്കണം (എബ്രായർ 4:15; 1 തിമൊഥെയൊസ് 2:5, 6). തന്റെ ഉയർത്തെഴുന്നേൽപിനാൽ ഉറപ്പാക്കി ഭാവിയിൽ സംഭവിക്കുവാനുള്ളതും അവൻ വാഗ്ദാനം ചെയ്തത് നാം ഓർമ്മിക്കണം: "നാം അവനോടുകൂടെ മരിച്ചു എങ്കിൽ, കൂടെ ജീവിക്കും; സഹിക്കുന്നു എങ്കിൽ കൂടെ വാഴും" (2 തിമൊഥെയൊസ് 2:11, 12).

നാം കർത്തൃമേശക്കായി കൂടുമ്പോൾ, മങ്ങിയ സമീപനവും ശരിയായതാണ്, കാരണം വിരുന്ന് ആഘോഷത്തെയും സൂചിപ്പിക്കുന്നു. എന്റെ അപ്പൻ മരിച്ച ശേഷം, ഒഴിവു ദിവസങ്ങളിൽ എന്റെ കുടുംബാംഗങ്ങൾ ഒത്തു ചേരും, അപ്പോൾ അപ്പൻ ഞങ്ങളോടൊപ്പം ഇല്ല എന്ന അറിവ് ഞങ്ങളെ ദുഃഖത്തിലാക്കും. അമ്മ മുൻപ് ജീവിതം അദ്ദേഹത്തോടൊപ്പമായിരുന്നതിനെ കുറിച്ച് ചിന്തിക്കും. ചിലപ്പോൾ അവർ പറയും, "നിന്റെ അപ്പന് ഇത് ഇഷ്ടമായിരുന്നു" അതേ സമയം ഇപ്പോഴും മക്കളോടൊപ്പം ആയിരിക്കുന്നത് അവരെ സന്തോഷിപ്പിക്കുകയും അദ്ദേഹത്തെ വീണ്ടും കാണുവാൻ കഴിയുമല്ലോ എന്നും വിചാരിച്ച് ആശ്വസിക്കും. ഒരർത്ഥത്തിൽ, അദ്ദേഹം അവിടെ ഉണ്ടായിരുന്നു, കാരണം അദ്ദേഹം ഞങ്ങളുടെ ഭാഗമായിരുന്നു. അദ്ദേഹത്തെപ്പോലെയാണ് മുന്നു മക്കളും. ഞങ്ങളുടെ അമ്മ ഇപ്പോഴും അപ്പന്റെ ഓർമ്മ ഉള്ളിൽ വെച്ചുകൊണ്ടിരിക്കുന്നു.

നമ്മെ സ്വതന്ത്രമാക്കുവാൻ നമ്മുടെ പാപക്കടത്തിന് പിഴ ഒടുക്കിയത് ക്രൂശിൽ ആയതുകൊണ്ട്, ആ വിധത്തിൽ നാം കൂടി വരുമ്പോൾ യേശുവിനെ ഓർമ്മിക്കുന്നു. അവൻ യാഗമായി അർപ്പിച്ച ശരീരവും രക്തവും നാം ഓർക്കുന്നത് അപ്പം ഭക്ഷിക്കുകയും മുന്തിരിവള്ളിയുടെ അനുഭവത്തിൽനിന്നു കുടിക്കയും ചെയ്യുമ്പോഴാണ്. അവൻ നമുക്കുവേണ്ടി അറുക്കപ്പെട്ട കുഞ്ഞാടാണ്. അവൻ അപ്പവും വീഞ്ഞും വാഴ്ത്തിയതുപോലെ നാമും നന്ദി ചെലുത്തിയിട്ടാണ് പങ്കിടുന്നത്. നമ്മുടെ വിടുതലിനെയാണ് നാം ആഘോഷിക്കുന്നത്. നാം അന്യോന്യം ക്രിസ്തുവുമായി കൂട്ടായ്മ പങ്കിടുമ്പോൾ, ഏക ശരീരത്തിലെ അവയവങ്ങളെ പോലെ, നമ്മുടെ പരസ്പര ബന്ധം നാം ഉറപ്പിക്കുകയാണ്. അവൻ നമ്മുടെ മദ്ധ്യത്തിലേക്ക് വീണ്ടും വരികയോ അഥവാ നാം മരിക്കുകയോ ചെയ്തേക്കാം, അവൻ വീണ്ടും വരുമ്പോൾ നമ്മെ ഉയർപ്പിക്കുകയോ, അല്ലെങ്കിൽ നമ്മുടെ ഭൗതിക ശരീരം ആത്മികശരീരമാക്കി മാറ്റുകയോ ചെയ്ത് നിത്യതയിലേക്ക് പ്രവേശിപ്പിക്കും. ഈ അറിവ് അവന്റെ വരവിനു മുൻപ് നാം മരിച്ചാലും, മരിക്കുന്നതിനു മുൻപ് അവൻ വന്നാലും നമ്മെ സന്തോഷിപ്പിക്കുന്നതാണ്. നാം ആദ്യം മരിച്ചാൽ അവൻ

നമ്മെ ഉയർപ്പിക്കും (യോഹന്നാൻ 5:28, 29; 1 തെസലൊനിക്യർ 4:16) അവൻ ആദ്യം വന്നാൽ നമ്മെ രൂപാന്തരപ്പെടുത്തും (1 കൊരിന്ത്യർ 15:52–57).

## ഭയത്തോടുകൂടിയുള്ള ആഘോഷം

ക്രിസ്ത്യാനികൾക്ക് ആഘോഷിക്കുവാൻ പലതുണ്ട്. നമ്മുടെ മദ്ധ്യേയുള്ള ക്രിസ്തുവിനോടു ചേർന്ന്, ശരീരത്തിന്റെ ഐക്യത നാം ആഘോഷിക്കുന്നു. നമ്മുടെ കുടുംബത്തെ നാം ആഘോഷിക്കുന്നു. നമ്മുടെ വിജയങ്ങളെ നാം ആഘോഷിക്കുന്നു – ക്രൂശിൽ പാപത്തെ ജയിച്ചതിനെ പങ്കിടുന്ന ആഘോഷം മാത്രമല്ല, ഓരോ ദിവസവും അവനോടൊപ്പം നടന്ന് വ്യക്തിപരമായി ജയിക്കുന്നതും നാം ആഘോഷിക്കുന്നു. പുനരുത്ഥാനത്തിൽ നമുക്കുള്ള പ്രത്യാശയെ നാം ആഘോഷിക്കുന്നു, അത് മരണത്തിൽനിന്നു നമ്മെ വിടുവിക്കുന്നതാണ്. അവൻ വീണ്ടും വരും എന്ന വാഗ്ദാനത്തെയും നാം ആഘോഷിക്കും. കർത്തൃമേശ ആചരിച്ച് ക്രൂശിലെ യേശുവിലേക്ക് നാം മടങ്ങി വരുമ്പോൾ പാടുന്നത് ശ്മശാന ഗീതമല്ല. യേശു അതല്ല ഉദ്ദേശിച്ചത്. നമ്മുടെ വീണ്ടെടുപ്പിന്റെ ഉറവ ഓർക്കണമെന്നാണ് അവന്റെ അത്താഴം കഴിക്കുന്നവരിൽനിന്ന് കർത്താവ് പ്രതീക്ഷിക്കുന്നത്. അവന്റെ മരണം എത്രത്തോളം നമുക്ക് അനിവാര്യമായിരുന്നു എന്നു ഓർക്കുവാൻ മാത്രമല്ല, പാപസംബന്ധമായി നാം മരിക്കേണ്ടതിന്റെ ആവശ്യകതയും നാം ഓർക്കുവാൻ അവൻ ആഗ്രഹിക്കുന്നു. അവന്റെ മരണം ക്രൂശിൽ ആവശ്യമായി തീർന്നതുപോലെ, പാപസംബന്ധമായ നമ്മുടെ മരണവും പ്രാധാന്യമുള്ളതാണെന്ന് അത് കാണിക്കുന്നു. "നമ്മുടെ കർത്താവായ യേശുക്രിസ്തു മുഖാന്തരം നമുക്ക് ജയം നൽകുന്ന ദൈവത്തിന്നു സ്തോത്രം" (1 കൊരിന്ത്യർ 15:57).

ആഘോഷിക്കുമ്പോൾ – നാം പരാജയപ്പെടുമ്പോഴും പാപത്തിലകപ്പെടുമ്പോഴും ദൈവം പരിശുദ്ധനും നിർമ്മലനുമാണെന്ന് തിരിച്ചറിയുക. അവൻ നമ്മെ പോലെയല്ല, എന്നാൽ നാം അവനെ പോലെ ആകുവാൻ അവൻ ആഗ്രഹിക്കുന്നു. ഭയവും സന്തോഷവും പകരുന്ന വിധത്തിൽ ആണ് കർത്തൃമേശ ഒരുക്കിയിരിക്കുന്നത്. നാം ഓർമ്മപ്പെരുന്നാളിനോട് സമീപിക്കുമ്പോൾ, ദാരുണമായി അവൻ ക്രൂശിൽ മരിച്ചതിന്റെ സ്മരണ ആഘോഷിക്കുന്നതിനോടുകൂടി ക്രൂശിനും ശൂന്യമായ കല്ലറക്കുമിടക്ക് അവനു വിജയിക്കുവാൻ കഴിഞ്ഞതിനേയും ആഘോഷിക്കുവാൻ നമുക്ക് കഴിയുന്നു. അങ്ങനെ മേശ – ആരാധനയുടെ മുഖ്യഭാഗമാകുന്നു – ആഴ്ച്ചവട്ടത്തിന്റെ ഒന്നാം നാളിൽ നാം പാടുന്ന പാട്ടുകളും, പ്രാർത്ഥനയും, വചന ധ്യാനവും ആ ദിശയിലേക്കാണ് പോകുന്നത്. അവിടെ, എനിക്ക് വേണ്ടി യേശു ചെയ്തതിൽ ശ്രദ്ധ കേന്ദ്രീകരിച്ച് അത്ഭുതത്തോടെ നോക്കി ശാന്തമായി ആഘോഷിക്കാവുന്നതാണ്. ഞാൻ ആരായിരുന്നു എന്നതിനാൽ, യേശുവിന് ക്രൂശിൽ ചെയ്തതു ചെയ്യേണ്ടി വന്ന സാഹചര്യം ഓരോ സമയത്തും കർത്തൃമേശയിൽ നാം തിരിച്ചറിയുന്നു. ചിലപ്പോൾ എന്നിൽ ഉണ്ടാകുന്ന കണ്ണുനീർ സങ്കടത്തിന്റേയും സന്തോഷത്തിന്റേയുമാണ്. എന്നെ അനുവദിക്കുക മാത്രമല്ല, പിതാവിന്റെ അടുത്തു ചെല്ലുവാനുള്ള ക്ഷണവും ലഭിച്ചിരിക്കുന്നു. അതിന് "ഞാൻ അവന്റെ നാമത്തെ ഉയർത്തി വാഴ്ത്തണം" കർത്തൃമേശയിലെ കൂട്ടായ്മ ആഘോഷമാണ്, എന്നാൽ അത് അവന്റെ വീര്യം നിമിത്തമുള്ള ഭയത്താൽ കുമ്പിടുന്നതുമാണ്.

"അത് ദൈവസ്വഭാവത്തെ പ്രകടിപ്പിച്ച് അവൻ ആരാധനക്ക് യോഗ്യൻ എന്ന് തെളിയിക്കുന്നതാണ്."[3]

## ഉപസംഹാരം

മൂലകത്തിലുള്ള ഇന്ദ്രജാലമല്ല കർത്തൃമേശയിലെ ശക്തി, പക്ഷെ ഓർമ്മയിലാണ്. ക്രിസ്തുവിന്റെ ക്രൂശിൽ കേന്ദ്രീകരിക്കുന്ന രണ്ട് ക്രിസ്തീയ ചിഹ്നങ്ങളിൽ ഒന്നാണ് അത്താഴം. മറ്റൊന്നു സ്നാനമാണ് – വെള്ളത്തിൽ അടക്കം – ക്രിസ്തുവിനോടുകൂടെ അവന്റെ മരണത്തിലും, അടക്കത്തിലും, ഉയർപ്പിലും ആലങ്കാരികമായി പങ്കു ചേരുന്നു. കഴിഞ്ഞ സംഭവങ്ങളെ ആലങ്കാരികമായി ഓർപ്പിക്കുന്നതാണ് ആ രണ്ട് അലങ്കാരങ്ങളും. ആ ഓർമ്മകളിൽ നാം പങ്കാളികളാകുമ്പോൾ, ആ സംഭവങ്ങൾ സജീവമാക്കുകയും, നമ്മുടെ അനുഭവത്തിൽ നാം പ്രവർത്തിക്കുകയും ചെയ്യുന്നു. ക്രിസ്തുവിനോടുകൂടെ അവന്റെ മരണത്തിലും അടക്കത്തിലും ഉയർപ്പിലും പങ്കെടുക്കുന്ന സ്നാനം ഒരിക്കൽ മാത്രം സംഭവിക്കുന്നതാണ്. കർത്തൃമേശയിൽ നാം അവന്റെ മരണം അടക്കം ഉയിർപ്പ് എന്നിവ ഓരോ ആഴ്ച്ചയിലും നടക്കുന്നതാണ്. ആ സംഭവം നമ്മുടെ ഉള്ളിൽ സജീവമായി നിർത്തേണ്ടത് നിർണ്ണായകമാണ്. നാം കുടുംബമായി കൂടിവന്ന് ശക്തി സംഭരിക്കുകയും, യേശുവിന്റെ യാഗത്താലുള്ള വിജയം നിരന്തരമായി കൊണ്ടാടുകയും ചെയ്യുന്നു.

കുടുംബ കൂട്ടായ്മ പ്രത്യേകതയുള്ളതാണ് – ഭൗതിക കുടുംബമായാൽ പോലും. ദൈവത്തോടും പരസ്പരവുമുള്ള ഉടമ്പടി നിമിത്തം സഭ ഒരു കുടുംബമാണ്. "നിയമത്തിന്റെ രക്തമാണ്" തന്റെ രക്തമെന്ന് യേശു പറഞ്ഞു (മത്തായി 26:28). ആ പ്രത്യേക ഉടമ്പടി ആഹാരം കഴിക്കുന്നതിൽ മറ്റൊരു ഉദ്ദേശവും കാണരുത്. ആ സംഭവം നമ്മെ ഒരുമിപ്പിക്കുന്നതും, ഏകശരീരമാക്കി നിലനിർത്തുന്നതുമാണ്. വെറുതെ ആചരിക്കേണ്ട ഒരു ചടങ്ങല്ല കർത്തൃമേശ. മറിച്ച് മേശ നമ്മെ യോജിപ്പിച്ച് ദൈവത്തോടും അന്യോന്യവും കൂട്ടായ്മ പുലർത്തുന്നതുമായ ഭക്ഷണമാണ്.

അതുകൊണ്ട്, ഓരോ ആഴ്ച്ചയിലേയും നമ്മുടെ പ്രാർത്ഥനയും സ്തുതിയും പോലെ തന്നെ പ്രാധാന്യമുള്ള ഭാഗമാണ് കർത്തൃമേശ. കർത്താവിന്റെ മരണമാണ് നമ്മുടെ ആരാധനയുടെ മുഖ്യഭാഗമായി വരേണ്ടത്. ഓരോ ആഴ്ച്ചയിലും നമ്മെ ക്രൂശിലേക്ക് ആകർഷിക്കുന്നവിധത്തിലാണ് ദൈവം കർത്തൃമേശ രൂപപ്പെടുത്തിയിരിക്കുന്നത്, കാരണം അവിടെയാണ് വീണ്ടെടുപ്പ് നടന്നതും വിജയം മുദ്ര വെച്ചതും.

---

കുറിപ്പുകൾ

[1]ജിമ്മി ലിവിഡൻ, *മോർ ദാൻ ഏ ഫീലിങ്: വർഷിപ് ദാറ്റ് പ്ലീസസ് ഗോഡ്* (നാഷിലേ: ഗോസ്പെൽ അഡ്വൊക്കേറ്റ് കമ്പനി., 1999), 105. [2]ഡേവിഡ് റോപ്പർ, "ഏ ഫാമിലി പോർട്രെയിറ്റ്," *ട്രൂത്ത് ഫോർ ടുഡേ, ആക്ട്സ്, 8* (ഏപ്രിൽ 1996), 38. [3]റോബർട്ട് ഈ. വെബർ, *വർഷിപ് ഈസ് എ വെർബ്: എയിറ്റ് പ്രിൻസിപ്പിൾസ് ഫോർ ട്രാൻസ്ഫോമിങ് വർഷിപ്* (പീബഡി, മാസ്.: ഹെൻട്രിക്സൺ പബ്ലിഷേഴ്സ്, 1999), 16.